LIBRARY ARCHIVES Kerala Legislative Assembly

## തിരുവനന്തപുരം ജില്ലയിൽ നബാർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ജലവിഭവ പദ്ധതികൾ

52 [3639] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ നബാർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ജലവിഭവ പദ്ധതികൾ ഏതൊക്കെയാണ്;

(ബി) ഓരോ പദ്ധതിയും ആരംഭിച്ചതെന്നാണെന്നും പൂർത്തീകരിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും ലിസ്റ്റ് സഹിതം വ്യക്തമാക്കാമോ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലാത്തതും പൂർത്തീകരിക്കാത്തതുമായ പദ്ധതികൾ എത്ര കാലത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ ആന്റ് ബി) തിരുവനന്തപുരം ജില്ലയിൽ നബാർഡിന്റെ ധനസഹായത്തോടെ ഇതുവരെ 41 ചെറുകിട ജലസേചന പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ 10 എണ്ണം RIDF II (96-97)-ലും, 2 എണ്ണം RIDF IV (98-99)-ലും, 17 എണ്ണം RIDF V (99-2000)-ലും, 8 എണ്ണം RIDF VII (2001-2002)-ലും, 4 എണ്ണം RIDF VIII (2002-03)-ലും ഉൾപ്പെടുന്നു. പദ്ധതിയുടെ പേരും ആരംഭിച്ച വർഷവും അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലാത്തതും പൂർത്തീകരിക്കാത്തതുമായ നബാർഡ് പദ്ധതികളൊന്നും തിരുവനന്തപുരം ജില്ലയിലില്ല.

## ജലനിധി കെ.ആർ.ഡബ്ല്യു.എസ്.എ. ശുദ്ധജല വിതരണ പദ്ധതി

53 [3640] ശ്രീ. കെ. പി. രാജേന്ദ്രൻ:

" പി. നാരായണൻ:

" എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി കെ.ആർ.ഡബ്ല്യു.എസ്.എ. ഉൾപ്പെടെയുള്ള ശുദ്ധജല വിതരണവുമായി ഏതെല്ലാം പദ്ധതികൾക്കാണ് ലോകബാങ്കിൽനിന്നും ധനസഹായം ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കെ.ആർ.ഡബ്ല്യു.എസ്.എ. ജലനിധി ലോകബാങ്കുമായുള്ള കരാറിന്റെ പ്രധാന വ്യവസ്ഥകളും കടം തിരിച്ചടവിന്റെ വിവരങ്ങളും വ്യക്തമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കെ.ആർ.ഡബ്യു.എസ്.എ. മുഖാന്തിരം ഇതുവരെ എത്ര പദ്ധതികൾ പൂർത്തിയായെന്നും പ്രസ്തുത പദ്ധതി പ്രകാരം എത്ര ജനങ്ങൾക്ക് നേരിട്ട് ശുദ്ധജലം ലഭ്യമാക്കി എന്നും വ്യക്തമാക്കാമോ;

(ഡി) കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ജലനിധി മാദ്ധ്യമങ്ങളിൽ പരസ്യം നടത്തുന്നത് നിയമ വിധേയമാണോ; ഇതിനായി എത്ര സംഖ്യയാണ് നീക്കിവെച്ചിട്ടുള്ളത്; എത്ര ചെലവഴിച്ചു;

(ഇ) ഈ പദ്ധതിയിൽ പരസ്യം, ശിൽപശാലകൾ, പഠനങ്ങൾ, എക്സിബിഷൻ, ടൂർ പരിപാടികൾ എന്നിവയ്ക്കായി എത്ര സംഖ്യ ഓരോ ഇനത്തിലും ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) ജലനിധി-കെ.ആർ.ഡബ്യു.എസ്.എ.-യുടെ വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിംഗിന് വിധേയമാണോ; ആണെങ്കിൽ അതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കെ.ആർ.ഡബ്യു.എസ്.എ. വഴി നടപ്പാക്കുന്ന ജലനിധി എന്ന പേരിലുള്ള എല്ലാ ശുദ്ധജല വിതരണ-ശുചിത്വ പദ്ധതികളും ലോകബാങ്ക് ധനസഹായത്തോടെയാണ് നടപ്പിലാക്കുന്നത്.

(ബി) കെ.ആർ.ഡബ്യു.എസ്.എ. പദ്ധതിക്കുവേണ്ടി ലോകബാങ്കുമായുള്ള കരാറിലെ വ്യവസ്ഥകളും കടംതിരിച്ചടവിന്റെ വിവരങ്ങളും അനുബന്ധം-1 ആയി കൊടുത്തിരിക്കുന്നു.†

(സി) കെ.ആർ.ഡബ്യു.എസ്.എ. മുഖാന്തിരം 3 ബാച്ചുകളിലായി 738 പദ്ധതികൾ പൂർത്തിയായിട്ടുണ്ട്. ഇതനുസരിച്ച് 1,96,035 പേർക്ക് ശുദ്ധജലം ലഭ്യമായിട്ടുണ്ട്.

(ഡി) ജലനിധി പദ്ധതിയിലെ ആരോഗ്യ-ശുചിത്വ പരിപാലന പരിപാടികൾ നടത്തുന്നതിന്റെ ഭാഗമായി വിവിധതരം പ്രചാരണ പരിപാടികൾ നടത്തേണ്ടതുണ്ട്. ആയതിനാൽ ഇത് നിയമവിധേയമാണ്. പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് 174 ലക്ഷം രൂപ ഇതിനായി നീക്കി വെച്ചിട്ടുണ്ട്. ഇതിൽ 17.53 ലക്ഷം രൂപ ചെലവഴിച്ചു.

(ഇ) അനുബന്ധം-2 ആയി കൊടുത്തിരിക്കുന്നു.†

(എഫ്) വിധേയമാണ്. കെ.ആർ.ഡബ്യു.എസ്.എ.-യുടെ മെമ്മാറാണ്ടം ഓഫ് അസോസിയേഷനിൽ നിഷ്ക്കർഷിച്ചിരിക്കുന്നതുപോലെ വാർഷിക ചെലവുകൾ ചാർട്ടേഡ് അക്കൗണ്ടിനെക്കൊണ്ട് ആഡിറ്റ് ചെയ്യിക്കുന്നു. ആഡിറ്റ് ചെയ്യപ്പെട്ട കണക്കുകളിൽ ധനകാര്യവകുപ്പ് സെക്രട്ടറി അഭിപ്രായം രേഖപ്പെടുത്തുന്നു. കൂടാതെ ഇപ്പോൾ ജലനിധിയുടെ കണക്കുകൾ അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റിനും വിധേയമാക്കിയിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly